ഫാറം – VII

[ചട്ടം 23(1) കാണുക]

## തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ

## 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ാം വകുപ്പിന്റെ 10-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച നോട്ടീസ്

താഴെപ്പറയുന്ന അതിരുകളോട്ടു കൂടിയ തദ്ദേശ ആസൂത്രണ പ്രദേശത്തിനായി തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം.66/2024/LSGD തിയതി 15-06-2024 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുള്ള വസ്തുത 01-07-2024 തിയതിയിലെ കേരള ഗസറ്റ് നമ്പർ Vol.XIII നമ്പർ 2092 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് - കോലഴി, മുളംകുന്നത്ത്കാവ്, മാടക്കത്തറ ഗ്രാമപഞ്ചായത്തുകൾ

കിഴക്ക്- പാണഞ്ചേരി, നടത്തറ, പുത്തൂർ ഗ്രാമപഞ്ചായത്തുകൾ

തെക്ക്- പാറളം, അവിണിശ്ശേരി, വല്ലച്ചിറ, നെന്മണിക്കര ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- അടാട്ട്, അരിമ്പൂർ ഗ്രാമപഞ്ചായത്തുകൾ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

1. തേക്കിൻകാട് മൈദാൻ
2. എക്സിസ്റ്റിങ് ഷൊർണ്ണൂർ റോഡ് ഏരിയ
3. ഷൊർണ്ണൂർ ബൈപാസ് റോഡ് ഏരിയ
4. നോർത്ത് റിംഗ് റോഡ്(പാർട്ട്-II ) ഏരിയ
5. റിംഗ് റോഡ് ഈസ്റ്റ്
6. ഇരട്ടച്ചിറ-ചെട്ടിയങ്ങാടി ഏരിയ
7. സൗത്ത്-വെസ്റ്റ് സ്വരാജ് റൗണ്ട് ഏരിയ
8. എം ജി റോഡ് ഏരിയ
9. വെസ്റ്റ് റിംഗ് റോഡ്

10. കണ്ണംകുളങ്ങര ഏരിയ

11. കണ്ണംകുളങ്ങര എക്സ്റ്റൻഷൻ(സൗത്ത്-വെസ്റ്റ്)

12. ജംക്ഷൻ ഇമ്പ്രൂവ്മെന്റ് ഓഫ് അരണാട്ടുകര

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

ബാധകമല്ല

(സി)മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ:

നിലവിലെ അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതികൾ അവയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതും കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാവേണ്ടതുമാണ്. നിലവിലെ വികസന സാഹചര്യത്തിന് അനുസൃതമായി വിശദ നഗരാസൂത്രണ പദ്ധതിയിലെ നടപ്പിലാക്കാൻ സാധ്യമാവുന്ന വിഭാവനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇവ റദ്ദ് ചെയ്യുന്നതിനുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ ശുപാർശ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്. മാസ്റ്റർ പ്ലാൻ റിപ്പോർട്ടിലെ അധ്യായം 29 -ൽ ഇവ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്

1. തേക്കിൻകാട് മൈദാൻ
2. എക്സിസ്റ്റിങ് ഷൊർണ്ണൂർ റോഡ് ഏരിയ
3. ഷൊർണ്ണൂർ ബൈപാസ് റോഡ് ഏരിയ
4. നോർത്ത് റിംഗ് റോഡ്(പാർട്ട്-II ) ഏരിയ
5. റിംഗ് റോഡ് ഈസ്റ്റ്
6. ഇരട്ടച്ചിറ-ചെട്ടിയങ്ങാടി ഏരിയ
7. സൗത്ത്-വെസ്റ്റ് സ്വരാജ് റൗണ്ട് ഏരിയ
8. എം ജി റോഡ് ഏരിയ
9. വെസ്റ്റ് റിംഗ് റോഡ്
10. കണ്ണംകുളങ്ങര ഏരിയ
11. കണ്ണംകുളങ്ങര എക്സ്റ്റൻഷൻ(സൗത്ത്-വെസ്റ്റ്)
12. ജംക്ഷൻ ഇമ്പ്രൂവ്മെന്റ് ഓഫ് അരണാട്ടുകര

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

ബാധകമല്ല

സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ തൃശ്ശൂർ മുനിസിപ്പൽ കോർപറേഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ https://thrissurcorporation.lsgkerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ

അനുമതി നൽകിയ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ കാര്യാലയത്തിൽ പരിശോധനക്ക് /വില്പനക്ക് ലഭ്യമാണ്.

ഈ പ്ലാനിന് അനുസൃതമല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി

മേയർ

സ്ഥലം: തൃശ്ശൂർ

തീയതി: 15-07-2024

CORPORATION OFFICE
THRISSUR